# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.959** **10.06.2019 ലെ മറുപടി**

## തിരുവനന്തപുരം മണ്ഡലത്തിലെ കടൽഭിത്തികളുടെ നവീകരണം

**ചോദ്യം**

**ശ്രീ.വി.എസ്.ശിവകുമാർ :**

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വലിയതുറ കടൽപ്പാലത്തിന് ഇരുവശങ്ങൾ, പൂന്തുറ മട്ടവം മുതൽ ചർച്ച് വരെയുള്ള ഭാഗങ്ങൾ, ചെറിയതുറ സുനാമി കുരിശ്ശടി, വേളാങ്കണ്ണി കടൽപ്പുറം, ബീമാപ്പള്ളി ,മാമ്മൂട്ടുവിളാകം, തൈയ്ക്കാപ്പള്ളി, കൈതവിളാകം എന്നീ പ്രദേശങ്ങളിലെ കാലപ്പഴക്കം മൂലം നശിച്ചിരിക്കുന്ന കടൽഭിത്തികളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഇതിലേയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; നവീകരണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ)യും (ബി)യും

തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വലിയതുറ ഗ്രൗണ്ടിന്റെ സമീപത്ത് നിലവിൽ രണ്ട് കടൽ ഭിത്തി നിർമ്മാണ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

1. വലിയതുറ പിയറിനു സമീപം സി.പി 0094 തെക്ക് ഭാഗത്ത് 47 മീറ്റർ നീളത്തിൽ കടൽ ഭിത്തി പുനരുദ്ധാരണം തുക – 35 ലക്ഷം
2. ചെറിയ തുറ ഭാഗത്ത് സി.പി.0092, 10 മീറ്റർ മാറി വടക്കു ഭാഗത്ത് 50 മീറ്റർ നീളത്തിൽ കടൽ ഭിത്തി പുനരുദ്ധാരണം - തുക 37.50 ലക്ഷം

ഏപ്രിൽ മാസം 24-ാം തീയതി ഉണ്ടായ കടൽ ക്ഷോഭം മൂലം വലിയതുറ ഗ്രൗണ്ടിന്റെ ഇടതു ഭാഗത്തുള്ള കടൽ ഭിത്തിക്കും വീടുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഈ ഭാഗത്തെ കടൽ ഭിത്തിയുടെ പുനരുദ്ധാരണം വലിയതുറ ഗ്രൗണ്ടിന് വടക്കു ഭാഗം 100 മീറ്റർ നീളത്തിൽ കടൽഭിത്തി നവീകരണത്തിനായി 77 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യുകയും ചെയ്തു. കൂടാതെ നാട്ടുകാരുടെ ആവശ്യാനുസരണം

മണൽചാക്ക് അടുക്കി വീടുകൾ സംരക്ഷിക്കുന്നതിന്റെ രണ്ടു പ്രവൃത്തികളും ഈ ഭാഗത്ത് ചെയ്ത് കഴിഞ്ഞു. കടലാക്രമണം രൂക്ഷമായ ചെറിയതുറ കരിശ്ശടി മുതൽ തെക്കോട്ട് 1245 മീറ്റർ നീളത്തിൽ 16.7 കോടി രൂപയുടെ 15 പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. പണികൾ ത്വരിതഗതിയിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജൂൺ-ജൂലൈ മാസങ്ങളിൽ കടൽക്ഷോഭം രൂക്ഷമാകുന്ന കാലയളവാണെന്നത് കണക്കിലെടുത്ത് തീരദേശവാസികളുടെ സുരക്ഷിതത്വത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ല് ഉപയോഗിച്ചുള്ള റബിൾ മൗണ്ട് സീവാൾ നിർമ്മാണത്തിനു അടിയന്തര പ്രവൃത്തിയായി നടപ്പിലാക്കി വരുന്നത്. എന്നാൽ അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോ ബാഗുകളിൽ മണൽ നിറച്ച് അടിയന്തരമായി കടൽ തീരത്തെ സംരക്ഷിച്ചുവരുന്നു. 'എ' പിരിവിലെ മേൽപറഞ്ഞ പ്രവൃത്തികൾ കൂടാതെ കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രദേശങ്ങളുടെ ഫോട്ടോ സഹിതം, അനുമതിയ്ക്കായി യുദ്ധകാലാടിസ്ഥാനത്തിൽ നല്കുന്നതിന് എല്ലാ ഓഫീസർമാക്കും വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**